# <u>കഞ്ചാവ് വില്പനയ്ക്കിടെ പിടിയിൽ</u>

പെരുമ്പാവൂർ ആശ്രമം സ്കൂളിന് സമീപം കഞ്ചാവ് വില്പന നടത്തിയിരുന്ന പെരുമ്പാവൂർ വില്ലേജ്, ഇരിങ്ങോൾ കരയിൽ, ഒന്നാംമൈൽ നെടിയൻ വീട്ടിൽ ബീരാൻ മകൻ അലിയാർ, 61 വയസ്സ് ആണ് അറസ്റ്റിലായത്.

പെരുമ്പാവൂർ ആശ്രമം സ്കൂളിന് സമീപത്തുള്ള പെട്രോൾ പമ്പിനടുത്ത് ഓട്ടോറിക്ഷയിൽ വച്ചാണ് വില്പന നടത്തിയിരുന്നത്. 20-07-17 തീയതി രാവിലെ 10.15 മണിക്ക് വിൽപനക്കായി സൂക്ഷിച്ചിരുന്ന 26 ഗ്രാം ഗഞ്ചാവും, ഗഞ്ചാവ് വിൽപ്പനയ്ക്കായി ഉപയോഗിച്ചിരുന്ന KL-40-J-1087 ഓട്ടോറിക്ഷയും പോലീസ് ബന്തവസ്സിലെടുത്തു.

പെരുമ്പാവൂർ സബ് ഇൻസ്പെക്ടർ ശ്രീ. പി.എ.ഫൈസൽ, സി.പി.ഓ. രാജേന്ദ്രൻ, ശിവാനന്ദൻ കർത്താ എന്നിവർ ചേർന്നാണ് അറസ്റ്റുചെയ്തത്